പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 761 — 28.02.2017 ൽ മറുപടിക്ക്

## മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി. സജീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാത്തതിന്റെ കാരണം എന്താണ് എന്ന് വെളിപ്പെടുത്താമോ; | (എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോന്നും ഓരോ സ്വതന്ത്ര യൂണിറ്റുകളാണ്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം കൈകാര്യം ചെയ്യുന്നതും ദൈനംദിന ക്ഷേത്ര ഭരണം നടത്തുന്നതും അതത് ക്ഷേത്ര ഭരണാധികാരികളാണ്. ക്ഷേത്ര ജീവനക്കാർക്കുള്ള ശമ്പളം പ്രധാനമായും അതാത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നാണ് ചെലവ് ചെയ്യേണ്ടത്. ക്ഷേത്രവരുമാനത്തിന്റെ 50% ശമ്പളത്തിനായി തികയാതെ വരുമ്പോൾ, ക്ഷേത്ര ഭരണാധികാരികൾ സമർപ്പിക്കുന്ന കണക്കുകൾ പരിശോധിച്ച് ബോർഡിന്റെ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുന്നു. ക്ഷേത്ര ഭരണാധികാരികൾ യഥാസമയം അപേക്ഷ സമർപ്പിക്കാത്തതും ക്ഷേത്രം കണക്കുകളിൽ ക്രമക്കേടുകൾ കണ്ടെത്തുന്നതുമായ സാഹചര്യത്തിൽ ക്ഷേത്ര ജീവനക്കാർക്കുള്ള ശമ്പളധനസഹായം കൃത്യമായി അനുവദിക്കുന്ന തിൽ തടസ്സം നേരിടുന്നുണ്ട്. |
| (ബി) കെ. ജയകുമാർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ ; | (ബി) ഇല്ല |
| (സി) എങ്കിൽ കോടതിവിധിയുടെയും മേൽപ്പറഞ്ഞ കമ്മീഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭ്യമാക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ? | (സി) ക്ഷേത്ര ഭരണാധികാരികൾ കൃത്യമായി കണക്കുകൾ തയ്യാറാക്കി ശമ്പള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ശമ്പള ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ